## മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ആവർത്തനപുസ്തകത്തിലെ ഏതൽക്കാല സത്യം

നാലാം ക്വാർട്ടർ

(ഒക്ടോബർ, നവംബർ, ഡിസംബർ)

2021

# REST IN CHRIST

(Malayalam)

*Principal Contributor* : **Clifford Goldsleim**
*Translated by* : **Pr. S. Rajamony**

*Director* : **Joykutty Das**
*Editorial Board* : **Soey Thomas, Joykutty Das**
*Published by* : Sabbath School Department
SWIU of Seventh - day Adventists,
Evergreen Lane, Moospet Road,
Thrissur - 680 005
Tel: 0487 2440341, 9447939119
Email: swiusda5@gmail.com
mr.joykuttydas@gmail.com

*Copyright @ 2021 Publishers*

*Printed at* : Ebenezer Printpack (P) Ltd.
(On behalf of OWPH)
Thrissur - 680 012, Kerala
Tel: 0487 2361892, 2360992
www.ebenezerprinters.com

Copies : 4500

Price : 20/-

# നിയമപുസ്തകം : ആവർത്തനം

കഥ ഇപ്രകാരമാണ്: യോശീയാ രാജാവ് യെരൂശലേമിൽ വാണിരുന്ന കാലത്ത് (ബി.സി. 640-609) ഒരുവൻ, മിക്കവാറും മന്ദിരത്തിൽ വേല ചെയ്തിരുന്നവൻ, ഒരു പുസ്തകത്തിന്റെ ഒരു പ്രതി കണ്ടെത്തുകയും യോശീയാ രാജാവിന്റെ മുമ്പിൽ ആ പുസ്തകം വായിക്കുകയും ചെയ്തു. “രാജാവ് ന്യായപ്രമാണ പുസ്തകത്തിലെ വാക്യങ്ങളെ കേട്ടിട്ട് വസ്ത്രം കീറി” (2 രാജാ. 22:11). എന്തുകൊണ്ട്? അതിന്റെ കാരണം, രാജാവും തന്റെ ജനവും അതിൽ എഴുതിയിരിക്കുന്നത് അനുസരിക്കാതിരുന്നതുകൊണ്ടുതന്നെ.

പിന്നീട് നിയമപുസ്തകം (2 രാജാ. 23:2) എന്നു വിളിച്ചിരുന്ന പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ യോശീയാവ് ഒരു വലിയ നവീകരണം ആരംഭിച്ചു. ഈ നവീകരണത്തെപ്പറ്റി നമുക്ക് 2 രാജാക്കന്മാർ 23-ാം അദ്ധ്യായത്തിൽ വായിക്കുവാൻ കഴിയും.

രാജാവിനും തന്റെ ദേശത്തിനും ഇങ്ങനെ ഒരു സ്വാധീനമുണ്ടാക്കിയ ഈ പുസ്തകം ഏതാണ്? ഈ ക്വാർട്ടറിൽ നമ്മുടെ പഠനവിഷയമായിത്തീർന്ന ആവർത്തനപുസ്തകമാണ് ഇതെന്നു വിശ്വസിക്കപ്പെടുന്നു.

മോശെയുടെ അഞ്ച് പുസ്തകങ്ങളിൽ അഞ്ചാമത്തേതും അവസാനത്തേതുമായ ആവർത്തനം എന്ന പേര് ലാറ്റിൻ ഭാഷയിലെ രണ്ടാംനിയമം എന്ന് അർത്ഥം വരുന്ന ഡ്യുറ്ററോണോമിയം (deuteronomium) എന്ന പദത്തിൽനിന്നും ഉണ്ടായതാണ്. ഇതിനെ താഴെ കാണുംപ്രകാരം ക്രോഡീകരിക്കാം:

മിസ്രയീം വിട്ടതിനുശേഷം സീനായ് മലയിൽവെച്ച് ദൈവവുമായി ഉടമ്പടിയിൽ പ്രവേശിച്ചിട്ട് നേരെ കനാനിലേക്കു പോകുന്നതിനുപകരം, യിസ്രായേൽ മക്കൾ 40 വർഷം മരുഭൂമിയിൽ അലഞ്ഞു. 40 വർഷം തീരുകയും, അവസാനം എബ്രായർ വാഗ്ദത്തനാട്ടിൽ പ്രവേശിക്കാറായപ്പോൾ, മോശെ അവരോട് ഒരു പ്രസംഗപരമ്പര നടത്തി. ആ പ്രസംഗങ്ങളുടെ അന്തഃസത്ത ഇതായിരുന്നു: *അവസാനമായി നിങ്ങൾ ഇപ്പോൾ വാഗ്ദത്തനാട്ടിൽ പ്രവേശിക്കാറായി. ദൈവത്തിന്റെ എല്ലാ കല്പനകളോടുമുള്ള അനുസരണം സ്നേഹംമൂലമാണെന്നു വെളിപ്പെടുത്തുന്നതിന് അവനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടുംകൂടെ സ്നേഹിക്കുവാൻ, അവൻ നിങ്ങൾക്ക് ചെയ്തവയൊന്നും മറക്കരുത്, ഇപ്പോൾ നിങ്ങളിൽനിന്ന് ആവശ്യപ്പെട്ടവയും മറക്കരുത്, എല്ലാം ഉടമ്പടിപ്രകാരമാണ്.*

ഈ ഉടമ്പടിയുടെ പ്രാധാന്യത്തിന് ഊന്നൽ കൊടുക്കുവാൻവേണ്ടി ഉടമ്പടിയിന്മേലുള്ള അവരുടെ കർത്തവ്യങ്ങളെ നിയമപരമായ അടിസ്ഥാനമെന്നവിധം മോശെ ജനത്തിന് പത്തു കല്പന ആവർത്തിച്ചു പറഞ്ഞു കേൾപ്പിച്ചു. അത് ദൈവം ആദ്യം

അവരുടെ പിതാക്കന്മാരോടു ചെയ്തതും പിന്നീട് കനാൻ ദേശത്തിന്റെ അതിർത്തിയിൽവെച്ചുതന്നെ ഇപ്പോൾ അവരോടു ചെയ്യുകയുമാണ്.

ആ സ്ഥിതിക്ക്, യിസ്രായേൽ മക്കൾ വാഗ്ദത്തനാടിന്റെ അതിർത്തിയിൽവച്ച് നേരിട്ടതും ഇന്നു നാം വാഗ്ദത്തനാടിന്റെ അതിർത്തിയിൽവെച്ച് നേരിടുന്നതും തമ്മിൽ സമാനതകൾ ഉണ്ടായേക്കാമോ? (കുറച്ചുകൂടി നല്ലത് എന്നുമാത്രം).

അതുകൊണ്ട് "ആവർത്തനപുസ്തകത്തിലെ ഏതൽക്കാല സത്യം" എന്നതാണ് ഈ ക്വാർട്ടറിലെ പഠനവിഷയം. അതാണ് നാം നോക്കുവാൻ പോകുന്നത്: അവന്റെ ഉടമ്പടിജനത്തിന് ദൈവത്തിന്റെ വചനത്തിൽനിന്നും നമുക്ക് എടുക്കുവാൻ കഴിയുന്ന ഏതൽക്കാല സത്യ ദൂതുകൾ.

നിത്യഉടമ്പടി, കല്പന, കൃപ, ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കുക എന്നുവച്ചാൽ എന്താണ് അർത്ഥമാക്കുന്നത് എന്നീ വിഷയങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ഈ ക്വാർട്ടറിൽ ആവർത്തനപുസ്തകം വിഷയം തിരിച്ചു നാം പഠിക്കും. അതിലും പ്രധാനമായി, യേശുവിന്റെ ക്രൂശുമരണത്തിലും അവന്റെ ഉയിർത്തെഴുന്നേല്പിലുംകൂടെ അതിശക്തമാംവിധം പ്രകടമായ ദൈവസ്നേഹത്തെ ആവർത്തനപുസ്തകം എങ്ങനെ വെളിപ്പെടുത്തുന്നു എന്നും നാം കണ്ടെത്തും.

ഒരു വലിയ കാലവിളംബവും സംസ്കാരവും മരുഭൂമിയിലെ സഭയിൽനിന്നും നമ്മുടെ ഇന്നത്തെ സഭയെ തീർച്ചയായും വേർപെടുത്തുന്നു. എന്നാൽ ഒരുപക്ഷേ, അവരുമായി നമുക്കുള്ള പൊതുവായ കാര്യങ്ങൾ നമ്മെ അവരിൽനിന്നും വേർപെടുത്തുന്നവയെക്കാളുമധികമായിരിക്കും. ഉദാഹരണമായി, അതുകൂടാതെ, ഇന്നു നമ്മെക്കുറിച്ചു താഴെ കാണപ്പെടുന്ന വാക്കുകൾ പറഞ്ഞുകൂടയോ?

"നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തു നിങ്ങൾ അനുസരിച്ചു നടപ്പാനായി എന്റെ ദൈവമായ യഹോവ എന്നോടു കല്പിച്ചതുപോലെ ഞാൻ നിങ്ങളോടു ചട്ടങ്ങളും വിധികളും ഉപദേശിച്ചിരിക്കുന്നു. അവയെ പ്രമാണിച്ചുനടപ്പിൻ; ഇതുതന്നെയല്ലോ ജാതികളുടെ ദൃഷ്ടിയിൽ നിങ്ങളുടെ ജ്ഞാനവും വിവേകവും ആയിരിക്കുന്നത്. അവർ ഈ കല്പനകളൊക്കെയും കേട്ടിട്ട്: ഈ ശ്രേഷ്ഠജാതി ജ്ഞാനവും വിവേകവുമുള്ള ജനംതന്നെ എന്നു പറയും" (ആവർത്തനം 4:5,6).

ശ്രദ്ധിക്കുക, ജാതികളുടെ മുമ്പിൽ അവരുടെ "ജ്ഞാനവും വിവേകവും" ആയിരിക്കുന്നത് കല്പന തന്നെയായിരുന്നില്ല. എന്നാൽ ആ കല്പനയോടുള്ള അവരുടെ അനുസരണമായിരുന്നു. ഇവിടെ തീർച്ചയായും നമുക്കുവേണ്ടി ഒരു ദൂതുണ്ട്. അതു നാം ആവർത്തനപുസ്തകത്തിൽ കാണുന്ന പല ദൂതുകളിൽ ഒരെണ്ണമാണ്.

# ഉള്ളടക്കം

പേജ്

1 ആവർത്തനപുസ്തകത്തിനു മുഖവുര
സെപ്റ്റംബർ 25 - ഒക്ടോബർ 1 ........................................ 7

2 മോശെയുടെ ചരിത്രപാഠം
ഒക്ടോബർ 2 - 8 ........................................ 14

3 നിത്യ ഉടമ്പടി
ഒക്ടോബർ 9 - 15 ........................................ 21

4 നിന്റെ ദൈവമായ യഹോവയെ സ്നേഹിക്കുക
ഒക്ടോബർ 16 - 22 ........................................ 28

5 നിങ്ങളുടെ പടിവാതിൽക്കകത്തുള്ള പരദേശി
ഒക്ടോബർ 23 - 29 ........................................ 35

6 ഇത്ര ശ്രേഷ്ഠ ജാതി ഏതുള്ളൂ?
ഒക്ടോബർ 30 - നവംബർ 5 ........................................ 42

7 ന്യായപ്രമാണവും കൃപയും
നവംബർ 6 - 12 ........................................ 49

8 ജീവൻ തിരഞ്ഞെടുത്തു കൊൾക
നവംബർ 13 - 19 ........................................ 56

9 അവരുടെ ഹൃദയം തിരിക്കുക
നവംബർ 20 - 26 ........................................ 63

10 ഓർക്കൂ, മറന്നുകളയരുത്
നവംബർ 27 - ഡിസംബർ 3 ........................................ 70

11 ആവർത്തനം പിന്നീടുള്ള എഴുത്തുകളിൽ
ഡിസംബർ 4 - 10 ........................................ 77

12 ആവർത്തനം പുതിയനിയമത്തിൽ
ഡിസംബർ 11 - 17 ........................................ 84

13 മോശെയുടെ ഉയിർത്തെഴുന്നേല്പ്
ഡിസംബർ 18 - 24 ........................................ 91